# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4454      20.10.2011 ൽ മറുപടിക്ക്

### ഒറീസയിലെ ലോക്ശക്തി ട്രസ്റ്റിന് ദുരിതാശ്വാസ നിധിയിൽ നിന്നു നല്കിയ സഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | ശ്രീ.ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) നിർമ്മാണ പ്രവൃത്തികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് പണം അനുവദിക്കാനാകുമോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | സാധാരണഗതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാറില്ല. |
| (ബി) ഏതൊക്കെ തരത്തിലുള്ള അപേക്ഷകർക്കാണ് പ്രസ്തുത നിധിയിൽ നിന്ന് സഹായം നൽകുന്നത് എന്നു വ്യക്തമാക്കാമോ; | (ബി) | 20,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനം ഉള്ള സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ചെലവുകൾക്കും അപകടങ്ങളിലും മറ്റ് ദുരന്തങ്ങളിലും മരണപ്പെടുന്നവരുടെ ആശ്രിതർക്കുമാണ് ധനസഹായം അനുവദിച്ചുവരുന്നത്. ഇടിമിന്നൽ മൂല മുണ്ടാകുന്ന മരണങ്ങൾക്കും കടൽ ക്ഷോഭംമൂലം അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്കും തൊഴിൽ കുഴപ്പം ഉണ്ടാകുമ്പോൾ കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നുണ്ട്. |
| (സി) ഒറീസയിലെ ലോക് ശക്തി ട്രസ്റ്റിനു ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകിയത്; | (സി) | 5,00,000/- രൂപ നല്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ട്രസ്റ്റിനു പണം നൽകാനായി എന്തൊക്കെ ഇളവുകളാണ് മാനദണ്ഡങ്ങളിൽ വരുത്തിയത്? | (ഡി) | ചട്ടപ്രകാരം ഏത് സാഹചര്യത്തിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം മന്ത്രിസഭയിൽ നിക്ഷിപ്തമാണ്. മന്ത്രിസഭാ തീരുമാനത്തിന് വിധേയമായിട്ടാണ് ധനസഹായം നൽകി യിട്ടുള്ളത്. ആയതിനാൽ പ്രത്യേക ഇളവുകൾ മാനദണ്ഡങ്ങളിൽ വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ